ഉത്തരം

(എ) റെക്കറിംഗ് ഗ്രാന്റ് ഇനത്തിൽ പ്രതിവർഷം 20 ലക്ഷം രൂപ വീതം വികസന പരിശീലന കേന്ദ്രങ്ങൾക്ക് കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുന്നുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിന് പ്രോജക്ട് സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്കാണ് നോൺ റെക്കറിംഗ് ഗ്രാന്റ് ഇനത്തിൽ സഹായം ലഭിച്ചുവരുന്നത്.

(ബി) ഇല്ല.

മലയോര വികസന ഏജൻസിയുടെ പ്രവർത്തനം

44 (1477) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര വികസന ഏജൻസി 2012-ൽ രൂപീകരിച്ചതിനു ശേഷം 2012-13-ലും 2013-14-ലും 2014-15-ലും ഓരോ വർഷവും മലയോര വികസന പദ്ധതികൾക്കായി എത്ര തുക വീതം നീക്കിവയ്ക്കുകയുണ്ടായി ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) മലയോര വികസന ഏജൻസി മുഖേന നടപ്പിലാക്കുന്ന വികസന പദ്ധതികൾ എന്തെല്ലാമാണ്;

(സി) 2012-13-ൽ കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണ് ; ഓരോ പദ്ധതിയും ഏത് നിയോജക മണ്ഡലത്തിലാണ് ഉൾപ്പെടുന്നത്;

(ഡി) 2013-14-ൽ കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണ് ; ഓരോ പദ്ധതിയും ഏത് നിയോജക മണ്ഡലത്തിലാണ് ഉൾപ്പെടുന്നത്;

(ഇ) 2014-15-ൽ കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണ് ; ഓരോ പദ്ധതിയും ഏതു നിയോജക മണ്ഡലത്തിലാണ് ഉൾപ്പെടുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മലയോര വികസന ഏജൻസി 2012-ൽ രൂപീകരിച്ചതിനുശേഷം ഓരോ വർഷവും മലയോര വികസന പദ്ധതിക്കായി നീക്കിവച്ച തുക താഴെ കൊടുക്കുന്നു :

2012-13	-	36.30 കോടി രൂപ
2013-14	-	42.50 കോടി രൂപ
2014-15	-	110 കോടി രൂപ

(ബി) ചെറിയ അരുവികളിൽ ചെക്ക് ഡാം നിർമ്മാണം, പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി, പഴം പച്ചക്കറി വികസന പദ്ധതി, മലയോര റോഡുകളുടെ മെച്ചപ്പെടുത്തൽ, സഹ്യശ്രീ സ്വയംതൊഴിൽ പദ്ധതി, കുളങ്ങളുടെ നവീകരണം, കാർഷിക വികസനം എന്നീ വികസന പദ്ധതികളാണ് മലയോര വികസന ഏജൻസിവഴി നടപ്പിലാക്കുന്നത്.

(സി) കണ്ണൂർ ജില്ലയിൽ 2012-13 സാമ്പത്തിക വർഷത്തിൽ പഴം പച്ചക്കറി വികസനം, ചെറിയ അരുവികളിൽ ചെക്ക്ഡാം നിർമ്മാണം, പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി എന്നിവയാണ് നടപ്പിലാക്കിയത്. 2012-13 സാമ്പത്തിക വർഷത്തിൽ ഓരോ നിയോജക മണ്ഡലത്തിലും അനുവദിച്ച പദ്ധതികളും അനുവദിച്ച തുകയും അനുബന്ധം I ആയി ചേർക്കുന്നു.*

(ഡി) 2013-14 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ, പഴം പച്ചക്കറി വികസനം, ചെറു അരുവികളിൽ ചെക്ക്ഡാം നിർമ്മാണം, പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി, മലയോര റോഡുകളുടെ മെച്ചപ്പെടുത്തൽ, സഹ്യശ്രീ സ്വയംതൊഴിൽ പദ്ധതി എന്നിവയാണ്. ഓരോ നിയോജക മണ്ഡലത്തിലും അനുവദിച്ച പദ്ധതികളും അനുവദിച്ച തുകയും അനുബന്ധം II ആയി ചേർക്കുന്നു.*

(ഇ) 2014-15 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ജില്ലയിൽ 30-10-2014 വരെ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചെറു അരുവികളിൽ ചെക്ക് ഡാം നിർമ്മാണം, പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി എന്നിവയാണ്. പദ്ധതികൾക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല. ഓരോ നിയോജക മണ്ഡലത്തിലും അനുവദിച്ച പദ്ധതികൾ അനുബന്ധം III ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.